# MAT-MAR-BON-CHRIST MISSION

PALALIL THARAYIL MATHEWSVILLA,CHEEKANAL,OMALLOOR.P.O, PATHANAMTHITTA,KERALA-689647,INDIA.Phone: 0468 2230714,91-8943099431, Email: mathews.palalil@yahoo.co.in






**(“Come to me, all of you who are tired from carrying heavy loads, and I will give you rest.” -Mathew-11:28)**

## ആദിയിൽ

ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു (യോഹന്നാൻ 1- 1,2). സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ദൈവം ആകാശവും ഭൂമിയും സൃഷ്ടിക്കുന്ന ആരംഭത്തിൽ, ഭൂമി രൂപരഹിതവും ശൂന്യവും ആയിരുന്നു; ഇരുൾ ആഴത്തിൻമീതെ വ്യാപിച്ചിരുന്നു; ദൈവത്തിന്റെ ആത്മാവ് വെള്ളങ്ങളുടെ മീതേ പരിവർത്തിച്ചുകൊണ്ടിരുന്നു.

‘‘ദൈവം സ്നേഹം ആകുന്നു’’. അവന്റെ രൂപവും അവന്റെ നിയമവും സ്നേഹമാകുന്നു. അത് എന്നും അങ്ങനെയായിരുന്നു; അത് എന്നന്നേക്കും അങ്ങനെതന്നെ. ‘‘അത്യുന്നതങ്ങളിൽ എന്നന്നേക്കുമായി അധിവസിക്കുന്നവനായ’’, ‘‘അവന്റെ വഴികൾ എന്നേക്കുമായി നിലനിൽക്കുന്നതും’’ മാറാത്തതും ആകുന്നു. അവനിൽ ‘‘ഒന്നും മാറ്റമില്ലാത്തതും, മറയുന്ന നിഴലും ആകുന്നില്ല’’. വചനമാകുന്ന ക്രിസ്തു, ദൈവത്തിന്റെ ഏകജാതനായവനും, നിത്യനായ പിതാവിന്റെ കൂടെ ഉള്ളവനും തന്നെ,- രൂപത്തിലും, സ്വഭാവത്തിലും, പ്രവൃത്തിയിലും, - ദേവസഭയിലും ദൈവത്തോടു കൂടിയും എപ്പോഴും കൂടി വരുന്നവനുമായ ഒരുവനും തന്നെ. ‘‘അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് അവൻ വിളിയ്ക്കപ്പെടും’’ (യെശയ്യാവ് - 9:6). ‘‘അവന്റെ ഉൽഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ’’ (മീഖാ 5:2). കൂടാതെ ദൈവപുത്രൻ തന്നെകുറിച്ച് ഇപ്രകാരം അരുളിച്ചെയ്യുന്നു: ‘‘യഹോവ തന്റെ വഴിയുടെ ആരംഭത്തിൽ, തന്റെ പണ്ടത്തെ പ്രവൃത്തികളുടെ ആദിയിൽ എന്നെ സൃഷ്ടിച്ചു. ഞാൻ നിത്യത മുതൽ ആദിയിൽ തന്നെ, ഭൂമിയുടെ ഉൽപ്പത്തിക്ക് മുമ്പ് സൃഷ്ടിക്കപ്പെട്ടിരുന്നു.... ഭൂമിയുടെ അടിസ്ഥാനം നിശ്ചയിച്ചപ്പോഴും ഞാൻ അവന്റെ അടുക്കൽ ശില്പിയായിരുന്നു; എല്ലായ്പ്പോഴും അവന്റെ മുമ്പിൽ ഉല്ലസിച്ചുകൊണ്ട് ദിനംപ്രതി അവന്റെ പ്രമോദമായിരുന്നു’’ (സദൃശ്യവാക്യങ്ങൾ 8:22- 30).

പിതാവാം ദൈവം എല്ലാ സ്വർഗ്ഗീയവാസികളുടെയും സൃഷ്ടിയ്ക്കുവേണ്ടി ദൈവപുത്രൻ മുഖാന്തരം പ്രവൃത്തിച്ചു. ‘‘സകലവും അവൻ മുഖാന്തരം സൃഷ്ടിയ്ക്കപ്പെട്ടു; സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളോ കർത്തൃത്വങ്ങളോ വാഴ്ചകളോ അധികാരങ്ങളോ ആയ സകലതും അവൻ മുഖാന്തരവും അവനായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു’’ (കൊലൊസ്യർ- 1:16). മാലാഖമാർ ദൈവത്തിന്റെ ശുശ്രൂഷകരും, ദൈവസന്നിധിയിൽ നിന്നും എല്ലായ്പ്പോഴും ഒഴുകുന്ന ദൈവതേജസിന്റെ പ്രഭാവലയത്തിൽ ആയിരിക്കുന്നവരും, തങ്ങളുടെ ചിറകുകളിൽ വളരെ വേഗം സഞ്ചരിച്ച് ദൈവഹിതം നിറവേറ്റുന്നവരും ആകുന്നു. എന്നാൽ പുത്രൻ, ദൈവത്താൽ സകലത്തിനും അവകാശിയായ അഭിഷക്തനും, ‘‘അവന്റെ തേജസ്സിന്റെ പ്രഭയും’’, ‘‘അവന്റെ യഥാർത്ഥ പ്രതിരൂപവും’’, ‘‘സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ താങ്ങിനിർത്തുന്നവനും ആകുന്നു’’, അവൻ എല്ലാവരിലും എല്ലാ മാലാഖമാരിലും മീതെയും ഉന്നതനാകുന്നു. അവന്റെ സിംഹാസനം എന്നന്നേയ്ക്കുമുള്ളത്; നീതിയുടെ ചെങ്കോൽ അവന്റെ രാജത്വത്തിന്റെ ചെങ്കോൽ ആകുന്നു’’. ‘‘ആദിമുതൽ മഹത്വമുള്ള ഉന്നത സിംഹാസനമാകുന്നു’’

(എബ്രായർ 1:3, 8, യിരെമ്യാവ് - 17:12). ''ബഹുമാനവും തേജസ്സും അവന്റെ മുമ്പിലും ബലവും ശോഭയും അവന്റ വിശുദ്ധ മന്ദിരത്തിലും ഉണ്ട്;'' ''നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്ത തയും അവനു മുമ്പായി നടക്കുന്നു'' (സങ്കീർത്തനങ്ങൾ- 96:6, 89:14).

ദൈവരാജ്യത്തിന്റെ അടിസ്ഥാനം സ്നേഹം എന്ന നിയമം ആയിരിക്കെ, എല്ലാ ജ്ഞാനികളുടെയും സന്തോഷത്തെ ആശ്രയിച്ചിരുന്നത് നീതിയുടെ വലിയ തത്വത്തിൽ ആശ്രയിച്ചുള്ള ശരിയായ യോജിപ്പിലായിരുന്നു. ദൈവത്തിന് പ്രിയ മായിരിക്കുന്നത് തന്റെ എല്ലാ സൃഷ്ടികളുടെയും സ്നേഹത്തിലുള്ള ശുശ്രൂഷയും - ദൈവികസ്വഭാവത്തെ സ്തുതി ക്കപ്പെടുന്ന ഉറവയാകുന്ന ശുശ്രൂഷയും ആകുന്നു. ശക്തി ഉപയോഗിച്ചുള്ള അനുസരണയിൽ ദൈവം പ്രസാദിക്കുന്നില്ല; എല്ലാവർക്കും സ്വന്തം മനസ്സാക്ഷിയനുസരിച്ചുള്ള സ്വാതന്ത്ര്യം അനുവദിച്ചിരിക്കയാൽ, അവരവരുടെ സ്വയം സമർപ്പണ ത്തിലൂടെയുള്ള ശുശ്രൂഷയിലാകുന്നു ദൈവത്തിനു പ്രസാദം.

എല്ലാ സൃഷ്ടിപരമായ ശക്തിയും കാണിക്കുന്നത് അനന്തമായ സ്നേഹത്തിന്റെ സാദൃശ്യത്തെയാണ്. ദൈവ ത്തിന്റെ പരമാധികാരം ഉൾക്കൊള്ളുന്നത് എല്ലാ സൃഷ്ടിഗണങ്ങൾക്കും പൂർണ്ണമായി ചൊരിയുന്ന കൃപയിലൂടെയാണ്. സങ്കീർത്തനക്കാരൻ പറയുന്നു:- ''നിനക്ക് വീര്യമുള്ള ഒരു ഭുജം ഉണ്ട്; നിന്റെ കൈ ബലമുള്ളതും നിന്റെ വലം കൈ ഉന്നതവും ആകുന്നു. നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു. ജയഘോഷം അറിയുന്ന ജനത്തിന് ഭാഗ്യം; യഹോവേ അവർ നിന്റെ മുഖപ്രകാശത്തിൽ നടക്കും. അവർ ഇടവിടാതെ നിന്റെ നാമത്തിൽ ഘോഷിച്ചുല്ലസിക്കുന്നു. നിന്റെ നീതിയാൽ അവർ ഉയർന്നിരിക്കുന്നു. നീ അവരുടെ ബലത്തിന്റെ മഹത്വമാകുന്നു; നിന്റെ പ്രസാദത്താൽ ഞങ്ങളുടെ കൊമ്പ് ഉയർന്നിരിക്കുന്നു. നമ്മുടെ പരിച യഹോവയ്ക്കുള്ളതും നമ്മുടെ രാജാവ് യിസ്രായേലിന്റെ പരിശുദ്ധനുള്ളവനുമാകുന്നു'' (സങ്കീർത്തനങ്ങൾ- 89:13-18).

നന്മയും തിന്മയും തമ്മിലുള്ള വലിയ ഭിന്നതയുടെ ചരിത്രം തന്നെ, ആദ്യമായി സ്വർഗ്ഗത്തിൽ ആരംഭിച്ചതു മുതൽ വിഘടിതരെ അവസാനമായി പുറത്താക്കുന്നതും പാപത്തെ പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതും, മാറ്റമില്ലാത്ത ദൈവസ്നേഹത്തിന്റെ ഒരു മാതൃകയാണ്.

പ്രപഞ്ചത്തിന്റെ അത്യുന്നതൻ ഒറ്റയ്ക്കായിരുന്നില്ല അവിടുത്തെ നന്മയുടെ പ്രവൃത്തിയിൽ. കൂടാതെ അവി ടുത്തെ ഒരു പങ്കാളിയായും, -ഒരു സഹകാർമ്മികൻ ആയും അവിടുത്തെ പ്രവർത്തിയെ പുകഴ്ത്തുന്നവനും, സൃഷ്ടി ഗണങ്ങൾക്ക് സന്തോഷം നൽകുന്നതിലൂടെ അത്യുന്നതന്റെ സംതൃപ്തിയിൽ കൂട്ടാളിയായിരുന്നവനും തന്നെ. സ്നേഹ ത്തിലൂടെയുള്ള വിധേയത്വത്തിൽ ആയിരുന്നിടത്തോളം കാലം സൃഷ്ടിഗണങ്ങൾ എല്ലാം യഹോവയുടെ പ്രപഞ്ചത്തിൽ നല്ല ഒത്തൊരുമയോടെ വസിച്ചു. സ്രഷ്ടാവിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കയെന്നത് സ്വർഗ്ഗീയവാസികൾക്ക് സന്തോഷക രമായിരുന്നു. വലിയ ആഹ്ലാദത്തോടെ ദൈവികമഹത്വത്തെ പ്രതിഫലിപ്പിക്കുന്നവരായും ദൈവത്തെ സ്തുതിക്കുന്ന വരായും അവൻ കാണപ്പെട്ടു. ദൈവത്തോടുണ്ടായിരുന്ന സ്നേഹമാണ് പരമപ്രധാനമെന്നിരിക്കെ, പരസ്പരം ഉള്ള സ്നേഹവും അകമഴിഞ്ഞതും നിസ്വാർത്ഥവും ആയിരുന്നു. സ്വർഗ്ഗീയവാസികളുടെ ഒത്തൊരുമയ്ക്ക് കോട്ടം ഉണ്ടാകാനുള്ള യാതൊരു ഭിന്നതയുടെയും സാഹചര്യവും അവിടെ ഉണ്ടായിരുന്നില്ല. എന്നാൽ സന്തോഷകരമായ ഈ സ്ഥിതിക്ക് ഒരു മാറ്റം വന്നു. ദൈവം തന്റെ സൃഷ്ടികൾക്ക് അനുവദിച്ചിരുന്ന സ്വാതന്ത്ര്യം ശരിയായ മാർഗ്ഗത്തിൽ നിന്നും തെറ്റിദ്ധരി പ്പിക്കുവാൻ അവരിൽ ഒരുവനുണ്ടായി. ക്രിസ്തുവിനു ശേഷം, ദൈവത്തോടു കൂടി ഏറ്റവും കൂടുതൽ ബഹുമാനിക്ക പ്പെടുന്നവനും, സ്വർഗ്ഗീയവാസികളിൽ ഏറ്റവും ശക്തിയും തേജസ്സും ഉള്ളവനും ആയിരുന്നവൻ, ആരായിരുന്നോ, അവ നിൽ പാപം ആരംഭിച്ചു. മറയ്ക്കുന്നവരായ കെരൂബകളിൽ ആദ്യനായ, ''അരുണോദയ പുത്രൻ'' വിശുദ്ധനും കളങ്കമി ല്ലാത്തവനും ആയിരുന്നു. മഹോന്നതനായ സൃഷ്ടാവിന്റെ സന്നിധിയിൽ ആയിരിക്കെ, നിത്യനായ ദൈവത്തിൽ നിന്നും പ്രവഹിച്ചിരുന്ന തേജസ്സിന്റെ കിരണങ്ങൾ എല്ലായ്പ്പോഴും അവനിൽ പതിച്ചുകൊണ്ടിരുന്നു. ''യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയുന്നു; നീ പരിപൂർണ്ണതയുടെ മാതൃകയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസ മ്പൂർണ്ണനും തന്നെ. നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; സകല വിശിഷ്ട രത്നങ്ങളാലും നീ അല ങ്കരിയ്ക്കപ്പെട്ടിരുന്നു. നീ അഭിഷിക്തനും മറയ്ക്കുന്നവനുമായ കെരൂബ് ആയിരുന്നു; ഞാൻ നിന്നെ ദൈവത്തിന്റെ വിശുദ്ധ പർവ്വതത്തിൽ ആക്കിയിരുന്നു; നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചു പോന്നു. നിന്നെ സൃഷ്ടിച്ച നാൾമുതൽ നിന്നിൽ നീതികേടു കണ്ടതുവരെ നീ നിന്റെ വഴികളിൽ നിഷ്കളങ്കനായിരുന്നു'' (യെഹസ്കേൽ 28:12-15).

പതുക്കെ പതുക്കെ, ലൂസിഫർ തന്നത്താൻ ഉയർത്തപ്പെടാനുള്ള ആഗ്രഹത്തിൽ വ്യാപൃതനായി. തിരുവെഴുത്ത് പറയുന്നതിങ്ങനെ: ''നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം നിഗളിച്ചു; നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനം വഷളാക്കി'' (യെഹെസ്കേൽ 28:17). ''നീ ഹൃദയത്തിൽ പറഞ്ഞത്: ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ ഉയർത്തും;.... ഞാൻ അത്യുന്നതനോടു സമനാകും'' (യെശയ്യാവ് - 14:13,14). അവന്റെ തേജസ്സെല്ലാം ദൈവത്തിൽ നിന്നായിരുന്നിട്ടും, ഈ ശക്തനായ മാലാഖ അതെല്ലാം അവനിൽ നിന്നുള്ളതാണെന്ന് കരുതി. അവനുണ്ടായിരുന്ന സ്ഥാനത്തിൽ സംതൃപ്തനാകാതെ, സ്വർഗ്ഗീയവാസികളിൽ മീതെയായി ബഹുമാനിക്കപ്പെടുന്നവനായിരുന്നിട്ടും സ്രഷ്ടാവിനു മാത്രമായി അവകാശപ്പെട്ട മഹത്വം ഏതു വിധേനയും വഞ്ചനാപൂർവ്വം കൈവശപ്പെടുത്തുവാൻ അവൻ അപകടമാർഗ്ഗത്തിലൂടെ നീങ്ങി. എല്ലാ സൃഷ്ടിഗണങ്ങളിൽ നിന്നും ഉള്ള സ്നേഹവും വിധേയത്വവും മഹോന്നതനായ ദൈവത്തിനു സമർപ്പിക്കുവാൻ പ്രേരിപ്പിക്കുന്നതിനു പകരമായി, അവരുടെ സേവനവും കൂറും തന്നിൽ നിക്ഷിപ്തമാക്കുവാൻ അവൻ ശ്രമിച്ചു. കൂടാതെ നിത്യനാം പിതാവ് തന്റെ പുത്രനിൽ നിക്ഷിപ്തമാക്കിയിരുന്ന മഹത്വം കൈവശപ്പെടുത്തുന്നതിനായി ശ്രമിക്കുകയും, ക്രിസ്തുവിന് മാത്രമായി അവകാശപ്പെട്ട ശക്തിയും കൈവശമാക്കുവാൻ മാലാഖമാരിലെ പ്രഭുവായിരുന്ന അവൻ ആഗ്രഹിച്ചു.

സ്വർഗ്ഗത്തിലുണ്ടായിരുന്ന ശരിയായ ഒത്തൊരുമയ്ക്ക് ഇതോടെ കോട്ടം വന്നു. സൃഷ്ടാവിന്റെ സ്ഥാനത്ത് തന്നെ സേവിക്കണമെന്നുള്ളതായ ലൂസിഫറിന്റെ നിലപാട്, ദൈവിക മഹത്വത്തിന് അത്യുന്നതസ്ഥാനം നൽകുകയും ആരാധിക്കുകയും ചെയ്തിരുന്നവരിൽ ഒരു നിസ്സംഗതയുടെ വികാരം പരന്നു. ദേവസഭയിൽ മാലാഖമാർ ലൂസിഫറിനോട് യാചിച്ചു പറഞ്ഞു. ദൈവികനിയമത്തിന്റെ (യഹോവയുടെ ന്യായപ്രമാണത്തിന്റെ) മേന്മയും, അതിന്റെ നന്മയും, സൃഷ്ടിതാവിന്റെ നീതിയും, അതിന്റെ പരിശുദ്ധിയും, അഴിവില്ലാത്ത അതിന്റെ സ്വഭാവും ദൈവപുത്രൻ അവന്റെ അടുത്ത് അവതരിപ്പിച്ചു. സ്വർഗ്ഗത്തിന്റെ വ്യവസ്ഥാപനം ദൈവം തന്നത്താൻ സ്ഥാപിച്ചിരിക്കയിൽ, അതിൽ നിന്നും വ്യതിചലിപ്പിക്കുന്നതിലൂടെ, ലൂസിഫർ അവന്റെ സ്രഷ്ടാവിനെ അപമാനിക്കുകയും, തന്നത്താൻ അവന്റെ നാശകരമായ വീഴ്ചയെ ക്ഷണിച്ചുവരുത്തുകയുമാണെന്ന് അറിയിച്ചു. അനന്തമായ സ്നേഹത്തിലും കരുണയിലും, മുന്നറിയിപ്പ് നൽകിയെങ്കിലും, ഒരു ചെറുത്തുനിൽപ്പിന്റെ രീതിയിൽ അത് തള്ളി കളഞ്ഞു. ക്രിസ്തുവിനോടുള്ള ലൂസിഫറിന്റെ അസൂയ തുടർന്നും നിലനിർത്തുവാൻ അനുവദിച്ചു കൊണ്ട്, കൂടുതലായി അവന്റെ നിലപാട് കടുപ്പിച്ചു.

ദൈവപുത്രന്റെ മനോഹന്നതിയെകുറിച്ചുള്ള തർക്കത്തിലൂടെ, സൃഷ്ടാവിന്റെ സ്നേഹത്തെയും ജ്ഞാനത്തെയുംപറ്റി ചോദ്യം ചെയ്യുകയായി മാലാഖമാരിലെ പ്രഭുവായിരുന്ന അവന്റെ മുഖ്യ ഉദ്ദേശ്യം. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി, ക്രിസ്തുവിനു ശേഷമുള്ളവനും സ്വർഗ്ഗീയവാസികളിൽ ആദ്യനുമായിരുന്ന ലൂസിഫർ തന്റെ സർവ്വജ്ഞാനവും ശക്തിയും നേരായ മാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ തയ്യാറായി. തന്റെ സർവ്വസൃഷ്ടികളുടെയും മനസ്സ് സ്വതന്ത്ര്യമായി ഉപയോഗിക്കുവാൻ അനുവദിച്ചിരുന്നവൻ, അവർക്ക് യാതൊരു മനസാക്ഷി കവചവും ഇല്ലാതെ വിട്ടിരുന്നതിനാലും തെറ്റിദ്ധരിപ്പിക്കുന്നതും സംശയം ജനിപ്പിക്കുന്നതുമായ വഞ്ചനാപരവും തെറ്റായതുമായ വാദഗതിയോടെയുള്ള വിഘടനപ്രവർത്തനങ്ങൾ തന്നത്താൻ ന്യായീകരിക്കുവാൻ അനുവദിച്ചു. വൻ മത്സരത്തിന്റെ തുടക്കത്തിനു മുമ്പ്, അവരുടെ എല്ലാ സന്തോഷത്തിനും ഉറവയായ നന്മയും ജ്ഞാനവും ആരുടേതാണൊ; ആയവന് സ്വമനസ്സാലെയുള്ള സമർപ്പണത്തിന് അവരുടേതായ സ്വതന്ത്രമായ മനസാക്ഷിയ്ക്ക് വിട്ടു.

പ്രപഞ്ചനാഥൻ സ്വർഗ്ഗീയവാസികളെ തന്റെ അരികിലേക്ക് വിളിപ്പിച്ച്, തന്റെ പുത്രന്റെ ശരിയായ സ്ഥാനത്തെ അവരുടെ സാന്നിധ്യത്തിൽ തന്നെ ഉറപ്പിക്കുകയും, എല്ലാ സൃഷ്ടികളുമായുള്ള അവന്റെ ബന്ധം എങ്ങനെയായിരിക്കുമെന്ന് കാണിച്ചുകൊടുക്കുകയും ചെയ്തു. ദൈവപുത്രൻ പിതാവാം ദൈവത്തിന്റെ സിംഹാസനത്തിൽ പങ്കുചേരുകയും, നിത്യമായ മഹിമ, സ്വയം ഉരുവായി രണ്ടുപേരും ഒന്നിച്ചുള്ള പ്രഭാവലയത്തിൽ ആകുകയും ചെയ്തു. എണ്ണപ്പെടുവാൻ സാധിക്കാത്ത, ഒരു വലിയ, കൂട്ടമായി വിശുദ്ധ മാലാഖമാരുടെ വൃന്ദങ്ങൾ സിംഹാസനത്തിനരികിലായി ഒത്തുകൂടി- ''അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവും ആയിരുന്നു'' (വെളിപ്പാട് - 5:11), അത്യുന്നതങ്ങളിലെ മാലാഖമാരും, സേവാത്മാക്കളും, സ്വർഗ്ഗീയ വാസികളും, ദൈവസന്നിധിയിൽ നിന്നുണ്ടായ തേജസ് അവരുടെ മേൽ പ്രകാശിച്ചപ്പോൾ അവർ ആഹ്ലാദഭരിതരായി. അവിടെ കൂടി വന്ന സ്വർഗ്ഗീയവാസികളുടെ സാന്നിധ്യത്തിൽ, യഹോവയായ ദൈവം തന്റെ ഏകജാതനായവനും തന്നോടൊപ്പം എല്ലായ്പ്പോഴും ഒന്നിച്ചായിരിക്കുന്നവനുമായ

ക്രിസ്തുവിനെ മാത്രമായിട്ട്, അവനുവേണ്ടി മാത്രമായി സകലവും സൃഷ്ടിക്കപ്പെടുകയും അവൻ മുഖാന്തരം സകലവും പ്രവർത്തിക്കുന്നതുമാണെന്നുള്ള ശക്തമായ അവിടുത്തെ ഹിതം അരുളി ചെയ്തു. ദൈവവപുത്രൻ തന്റെ പിതാവിന്റെ ഹിതപ്രകാരം സർവ്വ സ്വർഗ്ഗീയ വാസികളുടെയും സൃഷ്ടിക്കുവേണ്ടി പ്രവർത്തിച്ചിരുന്നതിനാൽ; അവരുടെ സ്തുതിയും ബഹുമാനവും പുത്രനോടും, അതുപോലെ പിതാവിങ്കലേക്കും സമർപ്പിക്കക്കേണ്ടിയിരുന്നു. ഭൂമിയുടെയും അതിൽ അധിവസിക്കുന്നവരുടെയും സൃഷ്ടിക്കുവേണ്ടി, അതുവരെ ക്രിസ്തു തന്റെ ദൈവികശക്തിയിൽ പ്രവർത്തിച്ചിരുന്നു. ഇങ്ങനെ ആയിരുന്നെങ്കിലും ദൈവഹിതത്തിനെതിരായി ശക്തിയോ ഉയർച്ചയോ ആഗ്രഹിക്കാതെ തന്നെ, എന്നാൽ ദൈവിക മഹത്വത്തെ ഉയർത്തുകയും, അവന്റെ സ്നേഹത്തിലും നന്മയിലുമുള്ള പ്രവർത്തികൾ ചെയ്തുകൊണ്ടിരുന്നു.

മാലാഖമാർ സന്തോഷത്തോടെ ക്രിസ്തുവിന്റെ നേതൃത്വം സ്വീകരിക്കുകയും, അവർ അവനെ വണങ്ങുകയും, അവരുടെ സ്നേഹവും ആരാധനയും അവനു മുൻപിൽ സമർപ്പിക്കുകയും ചെയ്തു. ലൂസിഫറും അവരോടുകൂടി വണങ്ങി; എന്നാൽ അവന്റെ ഹൃദയത്തിൽ അപരിചതവും, വിദ്വേഷവും മൂലമുള്ള ഭിന്നത കടന്നു. സത്യം, നീതി, വിശ്വസ്തത എന്നിവയ്ക്കെതിരെ വിദ്വേഷത്താലും അസൂയയാലുമുള്ള പോരാട്ടമായി. വിശുദ്ധ മാലാഖമാരുടെ പ്രേരണയാൽ കുറെ സമയത്തേക്ക് ലൂസിഫർ അവരുടെ കൂടെ തുടർന്നുപോന്നു. ദൈവീകസ്തുതികൾ ഇമ്പമോടെ ഉയർന്നപ്പോൾ, ആഹ്ലാദഭരിതരായ ആയിരങ്ങളുടെ ശബ്ദങ്ങൾ ഉച്ചത്തോടെ ഉയർന്നപ്പോൾ, തിന്മയുടെ ആത്മാവ് അകന്നുപോകുകയും; അതിരറ്റ സ്നേഹത്താൽ എല്ലാവരും ഉല്ലസിക്കുകയും ചെയ്തപ്പോൾ, അവനിലെ തിന്മയുടെ ആത്മാവ് പുറത്ത് പോകയാൽ, പാപരഹിതരായ ആരാധകരോടുകൂടി, പിതാവിനോടും പുത്രനോടും ഉള്ള സ്നേഹത്തിൽ ഒത്തൊരുമിക്കുകയും ചെയ്തു. എന്നാൽ വീണ്ടും അവനുണ്ടായിരുന്ന മഹത്വത്തിനാൽ അവനിൽ അഹങ്കാരം നിറഞ്ഞു. വലിയവനാകാനുള്ള ആഗ്രഹം അവനിൽ തിരിച്ചുവരികയാൽ ക്രിസ്തുവിനോടുള്ള വിദ്വേഷം ഒരിക്കൽ കൂടി അവനിൽ പ്രകടമായി. ലൂസിഫറിനു ലഭിച്ചിരുന്ന വലിയ ബഹുമാനങ്ങൾ അത് ദൈവത്തിൽ നിന്നും തനിക്കു ലഭിച്ച പ്രത്യേക ദാനങ്ങളായി കരുതാതിരുന്നതിനാൽ, അവന്റെ സ്രഷ്ടാവിനോട് അവൻ നന്ദിയോ പുകഴ്ചയോ സമർപ്പിക്കാതെയായി. അവന്റെ തേജസ്സിലും ഔന്നത്യത്തിലും അവൻ സ്വയം മഹത്വവൽക്കരിക്കുകയും, ദൈവത്തോട് സമത്വമുള്ളവൻ ആയിതീരുവാൻ ആഗ്രഹിക്കുകയും ചെയ്തു. അവനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന സ്വർഗ്ഗീയവാസികളിലും, അവന്റെ ആജ്ഞകൾ അനുസരിക്കുവാൻ ഏൽപ്പിക്കപ്പെട്ടവരുമായ മാലാഖമാരിലും ഉപരിയായി അവരെക്കാൾ കൂടുതലായി മഹിമയും ജ്ഞാനവും അവൻ ധരിച്ചിരുന്നു. എന്നാൽ ദൈവപുത്രൻ പിതാവിനോടൊപ്പം ശക്തിയിലും അധികാരത്തിലും ആയിരുന്നതിനാൽ ലൂസിഫറിലും മീതെയായി ഉയർത്തപ്പെട്ടിരുന്നു. ദൈവപുത്രൻ പിതാവിനോടൊപ്പം ദേവസഭകളിൽ പങ്കുചേർന്നപ്പോൾ, ലൂസിഫറിനെ ദൈവിക ഉദ്ദേശങ്ങളിൽ അനുവദിക്കപ്പെടാതിരിക്കുന്നത്, ‘‘എന്തുകൊണ്ട്?, ശക്തനായ ഈ മാലാഖ ചോദിച്ചു; ‘‘ക്രിസ്തു ഉന്നതനാണൊ? ലൂസിഫറിന് ഉപരിയായി അവൻ ബഹുമാനിക്കപ്പെടുന്നതെന്ത് ?’’

പിതാവാം ദൈവത്തിന്റെ സന്നിധിയോടു ചേർന്നുള്ള സ്ഥലത്തുനിന്നും അവൻ ഒഴിഞ്ഞു മാറിയിട്ട്, ലൂസിഫർ നേരേ പോയി മാലാഖമാരിൽ അസംതൃപ്തിയുടെ വിത്ത് പാകി, നിഗൂഢമായ രഹസ്യത്തോടെയും, ഒരു സമയം വരെ അതിന്റെ ശരിയായ ഉദ്ദേശം മറച്ചു വച്ച് ദൈവഹിതത്തിനനുസരിച്ച് പ്രവർത്തിക്കുന്ന പ്രതീതി ജനിപ്പിക്കുംവിധമായിരുന്നു അവന്റെ പ്രവർത്തനം. സ്വർഗ്ഗീയവാസികളുടെ പരിപാലനത്തിന് ഉണ്ടായിരുന്ന നിയമങ്ങളെകുറിച്ച് അവൻ ക്രമേണ ആർക്കും പെട്ടെന്ന് മനസ്സിലാക്കാനൊ കണ്ടുപിടിക്കാനൊ സാധിക്കാത്ത രീതിയിൽ സംശയങ്ങൾ ആരോപിക്കുവാൻ തുടങ്ങുകയും, നിയമങ്ങൾ ഭൂതലവാസികൾക്ക് ആവശ്യമായിരിക്കാമെന്ന് അറിയാമെങ്കിലും, മാലാഖമാർ, എന്നാൽ കൂടുതൽ ഔന്നത്യമുള്ളവരായതിനാൽ, അവർക്ക് അങ്ങനെയുള്ള നിയന്ത്രണങ്ങൾ ആവശ്യമില്ലെന്നും, അവരുടെ ജ്ഞാനം തന്നെ അവർക്ക് മതിയായ വഴികാട്ടിയാണെന്നും അവൻ പ്രചരിപ്പിക്കുവാൻ തുടങ്ങി. അവർ ദൈവത്തിന് അപമാനം ഉണ്ടാക്കുന്നവരല്ലാതിരുന്നതിനാലും, അവരുടെ വിചാരങ്ങൾ എല്ലാം നിർമ്മലമായിരുന്നതിനാലും, ദൈവത്തിനു പോലും തെറ്റുപറ്റിയിരിക്കൈകൊണ്ട് ഇനി അവർക്ക് അത് കൂടുതലായി സാധ്യമല്ലാതായിരിക്കുന്നു. ദൈവപുത്രനെ പിതാവിനോടൊപ്പമുള്ള സമത്വത്തിൽ ഉയർത്തപ്പെട്ടിരുന്നത് ലൂസിഫറിനോട് അനീതിക്ക് ഉള്ള കാരണമായും, അവനും, ബഹുമാനത്തിനും, ആദരവിനും അർഹതയുണ്ടെന്നും അവകാശപ്പെട്ടു. മാലാഖമാരിലെ പ്രഭുവായിരുന്ന അവൻ, സത്യത്തിൽ, ശരിയായിരുന്നതും, മഹത്വപ്പെട്ടിരുന്നതുമായ സ്ഥാനത്തായിരുന്നുവെങ്കിൽ, സകല സ്വർഗ്ഗീയ

വാസികൾക്കും വളരെയധികം നന്മകൾ ലഭിക്കുമെന്നിരിക്കെ , എല്ലാവർക്കും അവരവരുടെ സ്വാതന്ത്ര്യം ലഭിക്കുകയായിരുന്നു അവന്റെ ലക്ഷ്യം. എന്നാൽ അതുവരെ അവർ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യത്തിന് അവസാനം വന്നുവെന്നും; അവർക്കായി ഒരു പരമാധികാരയെ വാഴിച്ചിരിക്കയാൽ, ആ അധികാരത്തിനു മുമ്പിൽ സകലരും വണങ്ങേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളതായ പെട്ടെന്ന് ആർക്കും മനസ്സിലാക്കുവാൻ സാധിക്കാത്തതും തെറ്റായി വ്യാഖ്യാനിക്കുന്നതും, തെറ്റായി ധരിപ്പിക്കുകയും ചെയ്യുന്ന കുതന്ത്രങ്ങൾ ലൂസിഫറിലൂടെ സ്വർഗ്ഗീയവാസികളിൽ വളരെ പെട്ടെന്ന് പ്രചരിച്ചു. ലൂസിഫറിനുണ്ടായിരുന്ന അഹങ്കാരവും അത്യാഗ്രഹവും ദൈവരാജ്യത്തിനെതിരെയുള്ള അവന്റെ ആരോപണങ്ങൾക്ക് പ്രേരണയായി ഭവിച്ചു.

ക്രിസ്തുവിനുണ്ടായിരുന്ന സ്ഥാനത്തിനൊ അധികാരത്തിനൊ യാതൊരു മാറ്റവുമില്ലായിരുന്നു. ലൂസിഫറിന്റെ വിരോധവും, തെറ്റായ വ്യാഖ്യാനവും, ക്രിസ്തുവിനോട് സമനാണെന്നുള്ള അവന്റെ അവകാശപ്പെടലുകളും, ദൈവപുത്രന്റെ സ്ഥാനത്തെക്കുറിച്ചുള്ള ശരിയായ ഒരു പ്രസ്താവന ആവശ്യമായി വരികയും; എന്നാൽ ഇതും ആരംഭത്തിലേതു തന്നെയായിരുന്നു. കുറെയധികം മാലാഖമാർ, എന്നാൽ, ലൂസിഫറിന്റെ വഞ്ചനകളിൽ പെട്ട് അന്ധരായി മാറി.

സ്നേഹത്തിലും, വിധേയത്വത്തിലും ഉള്ള വിശ്വസ്തതയിൽ തന്റെ ആജ്ഞകൾക്കനുസരിച്ച് വിശ്വസ്തതയോടെ പ്രവർത്തിച്ചിരുന്ന തന്റെ കൂട്ടത്തിലുള്ള മാലാഖമാരെ കരുവാക്കി, വളരെ തന്ത്രപൂർവ്വം തന്റെ അവിശ്വസ്തതയും അതൃപ്തിയും അവരുടെ മനസുകളിൽ ക്രമേണ കുത്തി നിറച്ചതിനാൽ അവന്റെ ഇടനിലക്കാരായി മാറേണ്ടി വന്നത് മനസുകൊണ്ടൊ ഇന്ദ്രിയങ്ങൾ കൊണ്ടൊ അവർ ഗ്രഹിച്ചില്ല. ദൈവഹിതം തെറ്റായ പ്രകാശത്തിലൂടെ ലൂസിഫർ അവതരിപ്പിക്കുകയും, യഥാർത്ഥ വസ്തുതകൾ മറച്ചു പിടിച്ച്, തെറ്റായ വ്യാഖ്യാനങ്ങളാൽ അവരെ ശരിയായ ദിശയിൽ നിന്ന് മാറ്റുകയും, വ്യത്യസ്തമായ രീതിയിലുള്ള ആശയങ്ങളിലും, അതൃപ്തിയിലും ശക്തമായി മുന്നോട്ട് നീങ്ങുവാനും ഒരുക്കി. അവൻ തന്ത്രപൂർവ്വം അവന്റെ കേൾവിക്കാരോട് അവരുടേതായ വീക്ഷണങ്ങൾ തുറന്നുപറയുന്നതിന് പ്രേരിപ്പിക്കുകയും, പിന്നീട് അവന്റെ ഉദ്ദേശത്തിന് ഉപകരിക്കുന്ന രീതിയിൽ ഈ പ്രതികരണങ്ങൾ ആവർത്തിക്കപ്പെടുന്നതിലൂടെ, ദൈവീകരാജ്യവുമായി പൂർണ ഒത്തൊരുമയിൽ അല്ല മാലാഖമാർ എന്ന് തെളിവായി നിരത്തുകയും ചെയ്തു. അവൻ തന്നെ ദൈവത്തോട് പൂർണ്ണ വിധേയത്വത്തിൽ ആണെന്ന് അവകാശപ്പെടുമ്പോൾ തന്നെ, ദൈവീകരാജ്യത്തിന്റെ സ്ഥിരതയ്ക്ക് സ്ഥാനമാനങ്ങളിൽ ഉള്ള മാറ്റങ്ങളും ദൈവീക നിയമത്തിൽ ഭേദഗതികളും ആവശ്യമായിരിക്കുന്നുവെന്ന് അവൻ ആവശ്യപ്പെട്ടു. ദൈവീക നിയമത്തെ ഏതു രീതിയിലും എതിർക്കുമ്പോഴും അവന്റേതായ അസംതൃപ്തി അവന്റെ കീഴിലുണ്ടായിരുന്ന മാലാഖമാരുടെ മനസ്സിൽ കുറെശ്ശെ തിരുകികയറ്റുന്നതിന് അവൻ പ്രവർത്തിക്കുകയും, ശരിയായ അവന്റെ ലക്ഷ്യം മറച്ചു പിടിച്ചുകൊണ്ട് അസംതൃപ്തി ഇല്ലാതാക്കുവാൻ ഉള്ള മാർഗ്ഗം അന്വേഷിക്കുകയാണെന്നുള്ള രൂപത്തിൽ, സ്വർഗ്ഗീയ പദവികളിലേക്ക് അസംതൃപ്തരായ മാലാഖമാരെ യോജിപ്പിക്കാൻ ശ്രമിക്കയാണെന്നും നടിച്ചു. എന്നാൽ രഹസ്യമായി വിയോജിപ്പും, വിഘടനവും രൂപപ്പെടുത്തുകയും, തികഞ്ഞ കൗശലത്തോടുകൂടി വിശ്വസ്തത ഉയർത്തിപിടിക്കുന്നതായും, കൂടാതെ ഒത്തൊരുമയും സമാധാനവും കാത്തു സൂക്ഷിക്കുകയാണ് അവന്റെ മുഖ്യ ഉദ്ദേശമെന്ന് പുറത്തു കപടത നടിക്കുകയും ചെയ്തു.

അസംതൃപ്തിയുടെ ആത്മാവ്, കൊളുത്തിയ അഗ്നിയിലൂടെ, അതിന്റെ വിനാശകരമായ പ്രവർത്തനം ചെയ്തുകൊണ്ടിരുന്നു. തുറന്ന വിസ്ഫോടനം ഇല്ലാതിരുന്നിട്ടും, വിഭാഗീയതയുടെ ഒരു വികാരം ക്രമേണ മാലാഖമാരിൽ വളർന്നുകൊണ്ടിരുന്നു. ലൂസിഫർ കുറെശ്ശെയായി തുടങ്ങിയ ദൈവരാജ്യത്തിനെതിരെയുള്ള നിലപാടിൽ ആകൃഷ്ടരായി അവരിൽ കുറെ അവനോടൊപ്പം കൂടി. ദൈവം സ്ഥാപിച്ച നിലയിൽ നല്ല ഒത്തൊരുമയോടുകൂടി അതു വരെ അവർ നിലനിന്നിരുന്നുവെങ്കിലും, അവർക്ക് ഗ്രഹിക്കാൻ പറ്റാത്തതും അന്വേഷിച്ച് കണ്ടുപിടിക്കുവാൻ സാധിക്കാത്തതുമായ അവന്റെ ഉപദേശങ്ങളിൽ അവർ സന്തോഷമില്ലാതെ അതൃപ്തരാകുകയും, ക്രിസ്തുവിനെ ഉന്നതമായി മഹത്വീകരിച്ചെന്നതിനാൽ അവർ അസംതൃപ്തരുമായി മാറി. ദൈവപുത്രനോടൊപ്പമുള്ള തുല്യമായ സമത്വത്തിനുവേണ്ടി ലൂസിഫറിന്റെ ആവശ്യത്തെ പിൻതുണയ്ക്കുവാൻ അവർ തയ്യാറായി നിന്നു. എന്നാൽ ദൈവീകകല്പന അനുസരിച്ചുള്ള നീതിയും ജ്ഞാനവും ശരിയായി കാത്തുസൂക്ഷിച്ചിരുന്ന വിശ്വസ്തരായ മാലാഖമാർ, അസംതൃപ്തരായവരെ കൂടി ദൈവഹിതത്തിനനുസരിച്ചുള്ള ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിനു ശ്രമിച്ചു. ക്രിസ്തു ദൈവപുത്രനും, മാലാഖമാർ നിലവിൽ വരുന്നതിനു മുമ്പെ ദൈവത്തോടൊപ്പം ആയിരുന്നവനും ആയിരുന്നു. അവൻ എപ്പോഴും പിതാവിന്റെ വലതുഭാഗത്തു

നിലകൊണ്ടിരുന്നതിനാൽ; അവന്റെ ഉന്നതത്തിൽ, അവകൽ ദയാവായ്പോടെ, വന്നിരുന്ന എല്ലാവർക്കും ചൊരിഞ്ഞിരുന്ന പൂർണമായ വാഴ്വും, അതുവരെ ആരാലും ചോദ്യം ചെയ്യപ്പെടാത്തതും ആയിരുന്നു. സ്വർഗ്ഗത്തിലെ ഒത്തൊരുമയ്ക്ക് ഒരിക്കലും കോട്ടമില്ലാതിരിക്കെ; എവിടെ നിന്നായിരുന്നു ഇപ്പോഴത്തെ ഭിന്നത? ഈ ഭിന്നിപ്പിന്റെ ഫലമായുണ്ടാകുന്ന ഭയാനകമായ പരിണിതഫലങ്ങൾ വിശ്വസ്തരായ മാലാഖമാർക്ക് കാണാമായിരുന്നതിനാൽ, അസംതൃപ്തരായവരോട് അവരുടെ ലക്ഷ്യം ഉപേക്ഷിക്കുവാനും, ദൈവത്തോടുള്ള വിശ്വസ്തതയിൽ ദൈവരാജ്യത്തോടുള്ള വിധേയത്വം തെളിയിക്കുവാനും വളരെ കരുതലോടെയുള്ള അപേക്ഷയോടുകൂടി അവരെ ഉപദേശിച്ചു.

ദൈവികസ്വഭാവത്താലുള്ള, മഹാകരുണയാൽ, ലൂസിഫറിനെ ദൈവം വളരെയധികം സഹിച്ചു. അസംതൃപ്തിയുടെയും അവിശ്വാസത്തിന്റെയും ആത്മാവിനെകുറിച്ച് അതുവരെ സ്വർഗ്ഗത്തിൽ അറിയില്ലായിരുന്നു. ഇത് ഒരു പുതിയ കാര്യവും, അപരിചിതവും, നിഗൂഡവും,ഒരിക്കലും അംഗീകാരമില്ലാത്തതും ആയിരുന്നു. ലൂസിഫറിന്റെ വികാരങ്ങളുടെ ശരിയായ രൂപത്തെപ്പറ്റി നീതീകരിക്കുവാൻ അവനുപോലും ആദ്യകാലങ്ങളിൽ സാധിക്കാതിരുന്നതിനാൽ; അവന്റെ മനസ്സിലെ സങ്കല്പങ്ങളും പ്രവർത്തനങ്ങളും തുറന്നു പറയുവാൻ കുറെ കാലത്തേക്ക് ധൈര്യപ്പെടാതിരുന്നെങ്കിലും; എന്നാലും അവൻ അതിനെ തള്ളികളഞ്ഞിരുന്നില്ല. ലക്ഷ്യമില്ലാതെ സഞ്ചരിക്കുകയാണെന്ന് അവന് കാണുവാൻ സാധിച്ചിരുന്നില്ല. എന്നാൽ നിത്യമായ സ്നേഹത്തിലും ജ്ഞാനത്തിലും മാത്രം പ്രവർത്തിക്കുന്നവനായവൻ അവന്റെ തെറ്റിനെകുറിച്ച് ബോധ്യപ്പെടുത്തി. അവന്റെ അവിശ്വസ്തതയ്ക്ക് യാതൊരു കാരണവുമില്ലെന്ന് തെളിയിക്കപ്പെട്ടിരുന്നെങ്കിലും, വിഘടനത്തിൽ ഉറച്ചുനിൽക്കുന്നതിന്റെ ഫലമെന്തെന്ന് കാണുവാൻ അവൻ തയ്യാറായി. താൻ തെറ്റിലാണെന്ന് ലൂസിഫറിനു ബോധ്യപ്പെട്ടു. ''യഹോവ തന്റെ സകല വഴികളിലും നീതിമാനും തന്റെ സകല പ്രവൃത്തികളിലും ദയാലുവും ആകുന്നു'' (സങ്കീർത്തനങ്ങൾ - 145:17); ആ ദിവ്യമായ നിയമങ്ങൾ ന്യായവും, മുൻപെന്ന പോലെ സ്വർഗ്ഗത്തിൽ എല്ലാവരും അത് സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും, അവൻ കണ്ടു. അവൻ ഇതു ചെയ്തിരുന്നെങ്കിൽ, അവന് തന്നെതന്നെയും അനേകം മാലാഖമാരെയും രക്ഷിക്കുവാൻ സാധിക്കുമായിരുന്നു. ദൈവത്തോടുള്ള അവന്റെ വിധേയത്വം ആ സമയത്ത് അവൻ പൂർണ്ണമായി വിട്ടു കളഞ്ഞിരുന്നില്ല. മറയ്ക്കപ്പെടുന്ന കെരൂബുകളുടെ സ്ഥാനത്തുനിന്ന് അവൻ വിട്ടു പോയിരുന്നെങ്കിലും, അവൻ ദൈവത്തിങ്കലേക്ക് തിരിച്ച് ചെല്ലുവാൻ സന്നദ്ധനായിരുന്നെങ്കിൽ, സ്രഷ്ടാവിന്റെ ജ്ഞാനത്തെ സ്വീകരിച്ചിരുന്നെങ്കിൽ, ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമായിരുന്ന അവനെ നിയോഗിച്ചിരുന്ന സ്ഥാനത്ത് അവൻ സംതൃപ്തനായിരുന്നെങ്കിൽ, അവന്റെ സ്ഥാനത്ത് അവനെ വീണ്ടും പുനഃസ്ഥാപിക്കപ്പെടുമായിരുന്നു. ഒരു അവസാന തീരുമാനത്തിനുള്ള സമയമായപ്പോൾ; ദൈവീക പരമാധികാരത്തിൽ അവൻ പൂർണ്ണമായി വിധേയപ്പെടുകയോ, അല്ലെങ്കിൽ തുറന്ന വിഘടനത്തിലേക്ക് ചെന്നെത്തുകയുമാകാം. തിരിച്ച് ചെല്ലുവാൻ ഉള്ള തീരുമാനത്തിനടുത്ത് അവൻ എത്തിയപ്പോൾ; എന്നാൽ അഹങ്കാരം അതിനവനെ അനുവദിച്ചില്ല. തന്റെ സങ്കല്പങ്ങൾ തെറ്റായിരുന്നുവെന്നും, അനീതിയാണെന്ന് തെളിയിക്കുവാൻ താൻ യത്നിക്കുമ്പോൾ തന്നെ അതെ അധികാരത്തിൻ കീഴിൽ വിധേയപ്പെടുന്നതും, തനിക്കു തെറ്റു പറ്റിയെന്ന് തന്നെപ്പോലെ ഉന്നതമായി ബഹുമാനിക്കപ്പെടുന്നവൻ പശ്ചാത്തപിക്കുന്നതും ഒരു വലിയ ത്യാഗമായി അവൻ കരുതി.

ലൂസിഫറിനോടും അവന്റെ അനുയായികളോടും സഹാനുഭൂതിയോടുകൂടിയ ദയവുണ്ടായി, മഹാകാരുണ്യവാനായ സ്രഷ്ടാവ്, നാശകരമായ പാതാളത്തിലേക്കുള്ള ഭയങ്കരമായ വീഴ്ചയിൽ നിന്നും അവരെ തിരിച്ചുകൊണ്ടുവരുവാനുള്ള മാർഗ്ഗം അന്വേഷിച്ചുകൊണ്ടിരുന്നു. എന്നാൽ അവിടുത്തെ കരുണയെ തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു. ദൈവത്തിനുണ്ടായ വലിയ വേദനയെ ലൂസിഫറിന്റെ ഔന്നത്യത്തിന്റെ തെളിവായി ചൂണ്ടിക്കാണിക്കപ്പെടുകയും, അവന്റെ നിലപാടിലേക്ക് പ്രപഞ്ചത്തിന്റെ രാജാവ് എത്തിച്ചേരുന്നതിന്റെ സൂചനയാണെന്നും ലൂസിഫർ സൂചിപ്പിച്ചു. മാലാഖമാർ അവന്റെ കൂടെ ഉറച്ചുനിൽക്കുകയാണെങ്കിൽ, അവർ അധികമായി ആഗ്രഹിക്കുന്നതെന്തും അവർക്ക് നേടാമെന്നും, അവൻ പ്രഖ്യാപിച്ചു. അവൻ തുടർച്ചയായി അവന്റെ നിലപാടിനെ ഉയർത്തി പിടിക്കുകയും, അവന്റെ സ്രഷ്ടാവിനെതിരെയുള്ള വലിയ ഭിന്നതയിലേക്ക് അവനെ തന്നെ പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു. പ്രകാശത്തെ വഹിച്ചിരുന്നവനും, ദൈവിക മഹത്വത്തിൽ പങ്കാളിയായിരുന്നവനും, ദൈവീക സിംഹാസനത്തിന്റെ ശുശ്രൂഷകനുമായിരുന്നവനുമായ ലൂസിഫർ (ആകൽക്കറുസ) ആയിരുന്നു ദൈവത്തിന്റെയും വിശുദ്ധ ഗണത്തിന്റെയും എതിരാളിയായും, നിയമലംഘനത്താൽ സാത്താൻ ആയി മാറുകയും, സ്വർഗ്ഗത്താൽ വഴികാട്ടിയും സംരക്ഷകനും ആയിരിക്കുവാൻ തന്നെ ഏൽപ്പിക്കപ്പെട്ടവരുടെ നാശകനും ആയി മാറുകയും ചെയ്തത്.

കൂറുള്ള മാലാഖമാരുടെ വാദങ്ങളും വിനീതമായ യാചനകളും നിസ്സാരമായി തള്ളിയശേഷം, അവരെ ചതിയന്മാരും മണ്ടന്മാരും ആയ അടിമകൾ ആണെന്ന് തള്ളി പറയുകയും ചെയ്തു. ക്രിസ്തുവിനോടു കാണിച്ച മുൻഗണന ലൂസിഫറിനോടും കൂടാതെ എല്ലാ സ്വർഗ്ഗീയവാസികളോടും ഉള്ള അന്യായമായി അവൻ പ്രഖ്യാപിക്കുകയും, അവന്റെയും അവരുടെയും അവകാശത്തിന്മേലുള്ള ഈ കടന്നു കയറ്റത്താൽ ഇനി മേലിൽ വിധേയപ്പെടുവാൻ കഴിയില്ലെന്നും അവൻ അറിയിച്ചു. ക്രിസ്തുവിന്റെ ഉന്നതത്വത്തെ അവൻ ഇനി ഒരിക്കലും അംഗീകരിക്കില്ലെന്നായി. അവന് നൽകപ്പെട്ടിരുന്ന ബഹുമാനത്തിന്മേലുള്ള അവകാശം  നേടുന്നതിന് തീർച്ചപ്പെടുത്തുകയും, അവനെ അനുഗമിക്കുന്നവരുടെ നേതൃത്വം ഏറ്റെടുക്കുകയും, പുതിയതും നല്ലതുമെന്ന് അവകാശപ്പെട്ട ആ വാഴ്ചയിൽ വരുന്നവർക്ക് പദവികളും അവന്റെ കീഴിൽ ഉള്ള എല്ലാവർക്കും സ്വാതന്ത്ര്യം അനുഭവിക്കാമെന്നും അവൻ വാഗ്ദാനം ചെയ്തു. വളരെയധികം മാലാഖമാർ അവരുടെ ലക്ഷ്യപ്രാപ്തിയെ ചൂണ്ടിക്കാട്ടി അവനെ നേതാവായി സ്വീകരിച്ചു. മുഖസ്തുതിയാലും പക്ഷപാതപരമായും അവനെ സ്വീകരിച്ചവരോടു കൂടി, എല്ലാ മാലാഖമാരേയും തന്റെ ഭാഗത്തേക്ക് നേടാമെന്നും, ദൈവത്തോടൊപ്പം അവനും സമത്വത്തിൽ ആകാമെന്നും, മുഴുവൻ സ്വർഗ്ഗീയവാസികളും അവനെ അനുസരിക്കുന്നതിനും അവൻ ആശിച്ചു.

ലൂസിഫറിനോടും അവന്റെ അനുഭാവികളോടും ദൈവത്തോട് വിധേയപ്പെടുവാനും; അതല്ല അവരത് നിരസിക്കുന്ന പക്ഷം ഒഴിച്ചുകൂടാനാവാത്തവണ്ണം സംഭവിക്കാവുന്ന ഫലത്തെ അവരുടെ മുമ്പിൽ നിരത്തുകയും; അവരുടെ സ്രഷ്ടാവ് തന്നെ അവരുടെ ശക്തിയെ പുറത്താക്കുകയും, വിഘടനത്തിലേക്കുള്ള ഉറച്ച നിലപാടിനെ സൂചനാവിധമായ രീതിയിൽ ശിക്ഷിക്കുമെന്നും വിശ്വസ്തരായ മാലാഖമാർ ബോധ്യപ്പെടുത്തി. ദൈവികനിയമം ദൈവത്തെപ്പോലെ വിശുദ്ധമാകയാൽ, ഒരു മാലാഖയ്ക്കും അതിനെ വിജയകരമായി എതിർക്കുവാൻ സാധിക്കില്ല. ലൂസിഫറിന്റെ വഞ്ചനാപരമായ കാരണങ്ങൾക്കെതിരെ ചെവി അടയ്ക്കുവാൻ അവർ എല്ലാവർക്കും മുന്നറിയിപ്പ് നൽകുകയും, ലൂസിഫറിനോടും അവന്റെ അനുഭാവികളോടും ഒട്ടും തന്നെ വൈകാതെ, ദൈവസന്നിധിയിൽ അപേക്ഷിക്കുവാൻ ആവശ്യപ്പെടുകയും, ദൈവികജ്ഞാനത്തെയും അധികാരത്തെയും ചോദ്യം ചെയ്യുന്ന അവരുടെ തെറ്റിനെപ്പറ്റി മാനസാന്തരപ്പെടുവാനും അവർ ഉപദേശിച്ചു.

അനേകർ ഈ ഉപദേശത്തിന്  ശ്രദ്ധാപൂർവ്വം വഴങ്ങുവാനും, അവരുടെ അവിശ്വസ്തതയെ കുറിച്ച് അനുതപിക്കാനും, പിതാവിങ്കലേക്കും പുത്രനിലേക്കും വീണ്ടും മടങ്ങുന്നതിനും തീർപ്പായി. എന്നാൽ ലൂസിഫർ മറ്റൊരു വഞ്ചന തയ്യാറാക്കിയിരിക്കുന്നു. അവന്റെ കൂടെ ചേർന്നിരുന്ന മാലാഖമാർ മടങ്ങുവാൻ സാധിക്കാതവണ്ണം വളരെയധികം മുന്നോട്ടു പോയിരിക്കയാണെന്നും; ദൈവീകനിയമത്തെക്കുറിച്ച് അവന് നല്ല വ്യക്തതയുണ്ടെന്നും, ദൈവം ക്ഷമിക്കയില്ലെന്ന് അറിയാമെന്നും ശക്തനായ ആ വിഘടിതൻ പ്രഖ്യാപിച്ചു. സ്വർഗ്ഗീയ അധികാരത്തിന് വിധേയപ്പെടുന്ന എല്ലാവരുടെയും ബഹുമതി നീക്കപ്പെടുമെന്നും, അവരുടെ പദവികളിൽ നിന്നും താഴ്ത്തപ്പെടുമെന്നും അവൻ പ്രഖ്യാപിച്ചു. ക്രിസ്തുവിന്റെ അധികാരത്തെ അവൻ വീണ്ടും ഇനി ഒരിക്കലും സ്വീകരിക്കയില്ലെന്ന്  അവൻ തന്നത്താൻ, തീരുമാനിച്ച് ഉറച്ചിരുന്നു. അവന്റെയും അവന്റെ അനുഭാവികളുടെയും ശേഷിച്ചിരുന്ന ഏകമാർഗം, അവരുടെ സ്വാതന്ത്ര്യത്തെ പ്രഖ്യാപിക്കുകയും, സ്വമേധയാ അവർക്ക് പ്രാപ്തമാകാതിരുന്ന അവകാശങ്ങൾ ബലമായി നേടിയെടുക്കാമെന്നും അവൻ പറഞ്ഞു.

ഇതുവരെ സാത്താനെ സംബന്ധിച്ചിടത്തോളം അവൻ, തിരിച്ച് മടങ്ങാൻ  സാധിക്കാത്ത വിധം വളരെയധികം മുന്നോട്ടു പോയിരിക്കുന്നു എന്നുള്ളത് ശരിയായിരുന്നു. എന്നാൽ അവന്റെ വഞ്ചനയിൽപ്പെട്ട് അന്ധകാരത്തിലായവരെ സംബന്ധിച്ച് അതായിരുന്നില്ല സ്ഥിതി. വിശ്വസ്തരായ മാലാഖമാരുടെ ഉപദേശങ്ങളും ഗൗരവമേറിയ മുന്നറിയിപ്പോടെയുള്ള യാചനകളും അവർക്ക് മുമ്പിൽ പ്രത്യാശയുടെ ഒരു വാതിൽ തുറക്കുകയും; ആ മുന്നറിയിപ്പിന് അവർ വഴങ്ങിയിരുന്നെങ്കിൽ, അവർക്ക് സാത്താന്റെ കെണിയെ തകർക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ അഹങ്കാരം, അവരുടെ  നേതാവിനോടുള്ള സ്നേഹം, അനിയന്ത്രിതമായ സ്വാതന്ത്ര്യത്തോടുള്ള അവരുടെ  മോഹം, എന്നിവ നിശ്ചലമല്ലാത്ത ഒഴുക്കിൽ മുന്നോട്ടും പിന്നോട്ടും കറങ്ങി നടക്കുന്ന അവസ്ഥയിൽ എത്തിക്കുകയും, ദിവ്യമായ സ്നേഹത്തിലും കരുണയിലും നൽകിയ ഉപദേശങ്ങളെ അവസാനമായി വീണ്ടും തിരസ്കരിക്കുകയും ചെയ്തു.

അസംതൃപ്തിയുടെ ദുരാത്മാവ് ഫലം കായിച്ച് വിഘടനം പ്രാവർത്തികമാകുന്നതു വരെ സാത്താൻ അവന്റെ പ്രവർത്തനം തുടരുവാൻ ദൈവം അനുവദിച്ചു. അവന്റെ പദ്ധതികൾ പൂർണ്ണ വികാസത്തിലും, അതിന്റെ ശരിയായ രൂപത്തിലും അർത്ഥത്തിലും എല്ലാവരെയും കാണിക്കേണ്ടത്, അതിന്റെ ആവശ്യമായിരുന്നു. ലൂസിഫർ, അഭിഷക്തനായ കെരൂബ് ആയിരുന്നതിനാലും, ഏറ്റവും ഉന്നതങ്ങളിൽ ഉയർത്തപ്പെട്ടവൻ ആയിരുന്നതിനാലും, സ്വർഗ്ഗീയ വാസികളാൽ ഏറ്റവും അധികം സ്നേഹിക്കപ്പെട്ടവരിലായിരുന്നതിനാലും, അവന്റെ പ്രേരണ അവരിൽ ശക്തമായിരുന്നു. ദൈവ രാജ്യം സ്വർഗ്ഗീയവാസികളെ ഉൾക്കൊള്ളിച്ചുകൊണ്ട് മാത്രം ആയിരുന്നില്ല, എന്നാലൊ ദൈവം സൃഷ്ടിച്ച എല്ലാ ലോക ങ്ങളും കൂടിയായിരുന്നതിനാൽ; സ്വർഗ്ഗത്തിലെ മാലാഖമാരെ തന്റെ കൂടെ വിഘടനത്തിൽ കൊണ്ടുവരുവാൻ സാധി ച്ചാൽ എല്ലാ ലോകങ്ങളും കൂടി അവന് നേടാൻ സാധിക്കുമെന്ന് ലൂസിഫർ കരുതി. അവൻ തന്റെ ഭാഗത്തുനിന്നു മുള്ള ചോദ്യം കൗശലപൂർവം അവതരിപ്പിച്ചും, തെറ്റായ രീതിയിൽ മറച്ചു പിടിച്ച് വ്യാഖ്യാനിച്ചും, ചതിയിലും ആയിരുന്നു അവന്റെ ലക്ഷ്യങ്ങൾ നേടിയിരുന്നത്. വഞ്ചിക്കാനുള്ള അവന്റെ ശക്തി അപാരമായിരുന്നു. ചതിയെന്ന മറയ്ക്കുള്ളിൽ അവൻ തന്നത്താൻ രൂപം മാറ്റുന്നതിലൂടെ, നേടിയെടുക്കുന്നതായിരുന്നു അവന്റെ മേന്മ. അവന്റെ എല്ലാ പ്രവൃത്തി കളും നിഗൂഢമായി മറയ്ക്കപ്പെട്ടിരുന്നതിനാൽ മാലാഖമാർക്കും അവന്റെ പ്രവർത്തികളുടെ ശരിയായ സ്വഭാവത്തെ വെളിപ്പെടുത്തുവാൻ സാധിക്കില്ലായിരുന്നു. പൂർണ്ണതയിൽ ആകുന്നതുവരെ, അതിലെ തിന്മയുടെ രൂപത്തെ കാണാ തവണ്ണം മറച്ചുപിടിക്കയാൽ, അവന്റെ അസംതൃപ്തി വിഘടനമായിരുന്നുവെന്ന് കാണുവാൻ സാധിക്കില്ലായിരുന്നു. വിശ്വസ്തരായ മാലാഖമാർക്കുപോലും അവന്റെ സ്വഭാവത്തെ പൂർണ്ണമായി ഗ്രഹിക്കുവാനൊ, അവന്റെ പ്രവർത്തനം എങ്ങോട്ടേക്ക് നയിക്കുന്നുവെന്ന് കാണുവാനൊ കഴിഞ്ഞില്ല.

ലൂസിഫർ ആദ്യം നടത്തിയ പരീക്ഷിക്കലുകളിൽ അവനുപോലും സ്വയമെ ഉറച്ചു നിൽക്കുവാൻ കഴിഞ്ഞിരുന്നില്ല. അവന്റെ ഭാഗത്തേക്ക് മാലാഖമാരെ പൂർണമായും കൊണ്ടുവരുവാൻ സാധിക്കാതിരുന്നത് സ്വർഗ്ഗീയവാസികളുടെ നിഷ്പ ക്ഷതയോടുള്ള താൽപര്യകുറവാണെന്ന് അവൻ ആരോപിച്ചു. അവൻ ചെയ്തുകൊണ്ടിരുന്ന ഏതൊരു പ്രവൃത്തിയും, വിശ്വസ്തരായിരുന്ന മാലാഖമാരിൽ അവൻ ചുമത്തിയിരുന്നു. ദൈവീക കാര്യങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാനൊ കണ്ടുപിടിക്കാനൊ സാധിക്കാത്ത രീതിയിൽ വളരെ വിദഗ്ദമായി സംശയം ഉണ്ടാക്കുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലും വളച്ചൊടിച്ച വാദങ്ങൾ ഉണ്ടാക്കുന്നതായിരുന്നു അവന്റെ മാർഗം. ലളിതമായിരുന്ന എല്ലാ കാര്യങ്ങളും നിഗൂഢമായി മറച്ചും രൂപം മാറ്റിയും, വളരെ വ്യക്തമായിരുന്ന യഹോവയുടെ വചനങ്ങൾ  കൗശലപൂർവ്വം തെറ്റിധരി പ്പിച്ചും ശരിയായ മാർഗത്തിൽ നിന്നും വ്യതിചലിപ്പിച്ചും സംശയത്തിലേക്ക് അവൻ തള്ളി വിടുകയും ചെയ്തു. ദേവസ ഭയിൽ ദൈവത്തോട് ചേർന്ന് അവനുണ്ടായിരുന്ന അടുപ്പവും, അവനുണ്ടായിരുന്ന ഉയർന്ന ഔന്നത്യവും കാരണം, അവന്റെ വാദമുഖങ്ങൾക്ക് കൂടുതൽ ശക്തി ലഭിച്ചിരുന്നു.

സത്യത്തിലും നീതിയിലും ഉള്ള മാർഗങ്ങളിൽ മാത്രമായിരുന്നു ദൈവം പ്രവർത്തിച്ചിരുന്നത്. ദൈവത്തിനാൽ അരുതാത്തത് സാത്താൻ ഉപയോഗിച്ചു,- മുഖസ്തുതിയും വഞ്ചനയും. ദൈവവചനത്തെ തെറ്റായി അവതരിപ്പിക്കു കയും ദൈവീക പരിപാലനത്തെ തെറ്റായി വ്യാഖ്യാനിക്കുകയും, മാലാഖമാർക്ക് നിയമങ്ങൾ ഏർപ്പെടുത്തുന്നത് വെറുതെ അല്ലെന്നും; സമർപ്പണവും അനുസരണയും ദൈവത്തിന്റെ സൃഷ്ടികളിൽ നിന്നും ആവശ്യപ്പെടുന്നതിലൂടെ, ദൈവ ത്തിന് ദൈവത്തിന്റേതായ ഔന്നത്യത്തെകുറിച്ചുള്ള ആഗ്രഹം കാരണമാണെന്നും വാദിക്കുവാൻ സാത്താൻ ശ്രമിച്ചു. ആയതിനാൽ ഇത് സ്വർഗ്ഗീയവാസികളിലും, കൂടാതെ എല്ലാ ലോകങ്ങളിലും, ദൈവീകപരിപാലനവും, ദൈവീകനിയ മങ്ങളും ശരിയാണെന്ന് കാണിച്ചു കൊടുക്കേണ്ടത് ആവശ്യമായി തീർന്നു. പ്രപഞ്ചത്തിൽ നല്ലത് ഉയർത്തി കൊണ്ടുവ രുന്നതിന് താൻ ആഗ്രഹിക്കുകയും ശ്രമിക്കുകയുമാണെന്ന മട്ടിൽ സാത്താൻ പുറമെ പ്രകടിപ്പിച്ചു. ആ തട്ടിപ്പുകാ രന്റെ ശരിയായ സ്വഭാവവും, അവന്റെ ശരിയായ ലക്ഷ്യവും, എല്ലാവരും മനസ്സിലാക്കേണ്ടിയിരുന്നു. അവന്റെ തിന്മയു ടെ പ്രവൃത്തിയിലൂടെ സാത്താന്റെ തനിസ്വരൂപം തുറന്നു കാട്ടുവാൻ അവന്റേതായ സമയം വേണ്ടിയിരുന്നു.

അവന്റെ പ്രവർത്തനത്തിന്റെ പരിണിതഫലമായി സ്വർഗ്ഗത്തിൽ ഉണ്ടായ ഭിന്നതയെ, സാത്താൻ ദേവസഭയ്ക്കെ തിരെ ചുമത്തി. ദൈവീക പരിപാലനത്തിന്റെ ഫലമാണ് എല്ലാ തിന്മകൾക്കും കാരണമെന്ന് പ്രഖ്യാപിച്ചു. യഹോവ യുടെ നിയമങ്ങളെ മെച്ചപ്പെടുത്തുകയാണ് അവന്റെ ലക്ഷ്യമെന്നും അവൻ അവകാശപ്പെട്ടു. അവന്റെ അവകാശവാദ ങ്ങളുടെ ശരിയായ രൂപത്തെ തുറന്നു കാണിക്കുവാനും, ദൈവീകനിയമത്തിലെ അവൻ നിർദ്ദേശിക്കുന്ന മാറ്റങ്ങളുടെ

ഫലമായുണ്ടാകുന്ന പ്രവർത്തനത്തെയും കാണിക്കുവാനും ദൈവം അവനെ അനുവദിച്ചു. അവന്റെ പ്രവൃത്തിയിലൂടെ അവനെ വിധിക്കേണ്ടിയിരുന്നു. താൻ വിഘടനത്തിലേക്കല്ലെന്ന് ആദ്യമെ തന്നെ സാത്താൻ അവകാശപ്പെട്ടിരുന്നു. പ്രപഞ്ചം മുഴുവനായും വഞ്ചകന്റെ മറ നീക്കി തുറന്നു കാണിക്കേണ്ടിയിരുന്നു.

സ്വർഗ്ഗത്തിൽ നിന്നും അവനെ പുറത്താക്കിയെങ്കിലും ആ സമയത്ത്, അനന്തമായ ജ്ഞാനം സാത്താനെ നശിപ്പിച്ചില്ല. സ്നേഹത്തിൽ കൂടിയുള്ള ശുശ്രൂഷ മാത്രമായിരുന്നു ദൈവത്തിന് സ്വീകര്യമായുള്ളതിനാൽ, ദൈവത്തിന്റെ സൃഷ്ടികൾ ഉറച്ച വിശ്വാസത്തോടെ അവന്റെ നീതിയിലും കരുണയിലും ഉള്ള വിശ്വസ്തതയെ ആയിരുന്നു ആശ്രയിക്കേണ്ടിയിരുന്നത്. സ്വർഗ്ഗീയവാസികളും ലോകങ്ങളും, പാപത്തിന്റെ സ്വഭാവത്തെയൊ അതിന്റെ പരിണിതഫലങ്ങളെ കുറിച്ചൊ മാനസികമായി ഉൾക്കൊള്ളുവാൻ പോലും തയ്യാറെടുത്തിട്ടില്ലായിരുന്നതിനാൽ, സാത്താനെ ഇല്ലാതാക്കിയിരുന്നുവെങ്കിൽ ദൈവീകനീതിയെ കാണുവാൻ സാധിക്കില്ലായിരുന്നു. ഉടനെ തന്നെ അവനെ എന്നന്നേക്കുമായി തുടച്ചുമാറ്റിയിരുന്നുവെങ്കിൽ, ചിലർ സ്നേഹത്തിലൂടെയുള്ള സേവനത്തിന് പകരമായി ഭയന്ന് യഹോവയെ സേവിക്കുമായിരുന്നു. വഞ്ചകന്റെ പ്രേരണയെ തന്നെ പൂർണ്ണമായി നശിപ്പിച്ചില്ലെങ്കിൽ, മാത്രമല്ലാതെ വിഘടനത്തിന്റെ ആത്മാവിനെ പരിപൂർണമായി പിഴുതെറിയുവാൻ സാധിക്കില്ലായിരുന്നു. അനന്തമായ യുഗങ്ങളിൽ കൂടി പ്രപഞ്ചം മുഴുവന്റെയും നല്ലതിനുവേണ്ടി, കൂടുതൽ പൂർണതയോടെ അവന്റെ തത്വങ്ങൾ വികസിക്കേണ്ടതും, ആയതിനാൽ ദേവസഭയ്ക്കെതിരെയുള്ള അവന്റെ ആരോപണങ്ങൾ എല്ലാ സൃഷ്ടികളും അതിന്റെ ശരിയായ വെളിച്ചത്തിൽ കാണേണ്ടതും, കൂടാതെ ആ ദൈവീകനീതിയെയും ദൈവത്തിന്റെ കരുണയെയും മാറ്റപ്പെടാനാകാത്ത ദൈവീകനിയമത്തെയും എല്ലാ ചോദ്യങ്ങൾക്കും ഉപരിയായി എന്നന്നേക്കുമായി സ്ഥാപിക്കേണ്ടിയുമിരുന്നു.

പാപത്തിന്റെ സ്വഭാവവും അതിന്റെ ഭായനകമായ പരിണിതഫലവും എന്നേക്കും ഉള്ള ഒരു സാക്ഷ്യവും എല്ലാവരും കാലങ്ങളിലേക്കും ഉള്ള ഒരു പാഠവുമായിരുന്നു സാത്താന്റെ വിഘടനം. സാത്താൻ ശ്രമിച്ചിരുന്ന പൈശാചിക വാഴ്ചയും, അതിന്റെ ഫലമായി മനുഷ്യരിലും മാലാഖമാരിലും ഉണ്ടാകുന്ന അനുഭവങ്ങളും, ദൈവീക പരിപാലനത്തെ ഒഴിവാക്കിയാലുള്ള ഫലമെന്തെന്ന് കാണിക്കയും ചെയ്യുക കൂടിയായിരുന്നു. ദൈവത്തിന്റെ സൃഷ്ടിയായ എല്ലാ സൃഷ്ടികളുടെയും നന്മയുമായി ബന്ധപ്പെട്ടായിരുന്നു ദൈവരാജ്യത്തിലുള്ള നിലനിൽപ്പ് എന്ന് തെളിയിക്ക കൂടിയായിരുന്നു അത്. അങ്ങനെ ഈ ഭയാനകമായ വിഘടന പരീക്ഷണത്തിന്റെ ചരിത്രം എല്ലാ വിശുദ്ധരുടെയും എന്നന്നേക്കും ഉള്ള രക്ഷാകവചം ആയും, പാപത്തിന്റെ സ്വഭാവങ്ങളിൽപ്പെട്ട് വഞ്ചിക്കപ്പെടുന്നതിൽ നിന്നും അവരെ തടയുന്നതും, പാപം ചെയ്യുന്നതിൽ നിന്നും, അതിന്റെ ശിക്ഷയാലുള്ള യാതനകളിൽ നിന്നും അവരെ രക്ഷിക്കുന്നതുമായിരുന്നു.

സ്വർഗ്ഗത്തിൽ നിന്നും പരിപാലിക്കുന്നവൻ ആദി മുതൽ അവസാനം വരെയുള്ളതെല്ലാം കാണുന്നവനും - കഴിഞ്ഞുപോയതും വരുവാനിരിക്കുന്നതുമായ എല്ലാ നിഗൂഢരഹസ്യങ്ങളും അവിടുത്തെ മുൻപിൽ നിവർത്തപ്പെട്ടിരിക്കുന്നതും, പാപം കാരണം കടന്നുവന്നതായ യാതനകളെയും, അന്ധകാരത്തെയും, കഷ്ടനഷ്ടങ്ങളെയും അവനിലൂടെ മറികടക്കാനായതും, അവന്റെ സ്വന്തം ഇംഗിതങ്ങളായ സ്നേഹത്തിന്റെയും കൃപയുടെയും വിജയകരമായ പൂർത്തീകരണമായി നോക്കിക്കാണുകയും ചെയ്യുന്നു. എന്നാൽ ''മേഘവും അന്ധകാരവും അവന്റെ ചുറ്റും ഇരിക്കുന്നു; നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു'' (സങ്കീർത്തനങ്ങൾ- 97:2). എന്നാലോ വിശ്വസ്തരും അവിശ്വസ്തരുമായ പ്രപഞ്ചവാസികൾ എല്ലാം ഒരു ദിവസം മനസ്സിലാക്കും. ''അവന്റെ പ്രവൃത്തി അത്യുത്തമവും അവന്റെ വഴികളൊക്കെയും ന്യായവും ആകുന്നു; അവൻ വിശ്വസ്തതയുള്ള ദൈവമത്രെ; വ്യാജമില്ലാത്തവനും നീതിയും സത്യവുമുള്ളവനും തന്നെ'' (ആവർത്തനപുസ്തകം- 32:4).